# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1966 07.03.2017 ൽ മറുപടിയ്ക്ക്

## സ്ത്രീപീഡന കേസ്സുകൾ

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സ്ത്രീപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കമോ; ഇതിൽ എത്ര കേസ്സുകളിൽ ശിക്ഷ ലഭിച്ചിട്ടുണ്ട്;

(എ) 1232 സ്ത്രീപീഡന കേസ്സുകൾ (Rape Cases) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1 കേസിൽ ശിക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) എത്ര കേസ്സുകൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനക്കേസ്സുകളാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിലുള്ള കൺവിക്ഷൻ റേറ്റ് എത്രയാണ്;

(ബി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെയുള്ള പീഡനക്കേസ്സുകൾ 696 ആണ്. ഇക്കാര്യത്തിലുള്ള കൺവിക്ഷൻ റേറ്റിന്റെ കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

<u>പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനക്കേസ്സുകളിലെ കൺവിക്ഷൻ റേറ്റ്</u>

| വർഷം | കൺവിക്റ്റ് | അക്വിറ്റഡ് | കൺവിക്ഷൻ റേറ്റ് |
|---|---|---|---|
| 2015 | 51 | 44 | 53.68 |
| 2016 | 34 | 122 | 21.79 |

(സി) ഇക്കാര്യത്തിൽ കൺവിക്ഷൻ റേറ്റ് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(സി) 2015,2016 വർഷത്തിലെ Crime in India കണക്ക് പ്രകാരം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനക്കേസ്സുകളിൽ 2015-നെ അപേക്ഷിച്ച് 2016-ൽ കൺവിക്ഷൻ റേറ്റ് കുറഞ്ഞിട്ടുണ്ട്. ഇപ്രകാരം കൺവിക്ഷൻ റേറ്റ് കുറയുന്നതിന്റെ കാരണം വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.